**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലർക്ക് ശ്രീമതി രമ്യാ ജി. ദാസിന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.**1011/2026/LSGD** തീയതി,തിരുവനന്തപുരം, **15-05-2026**

---

പരാമർശം:-

1. സ.ഉ.(സാധാ) നം.**29/2015**/തസ്വഭവ തീയതി, **06/01/2015.**
2. പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (ഭരണം)-ടെ **21.02.2015**-ലെ ഇ**4-04/2015** നമ്പർ ഉത്തരവ്.
3. സ.ഉ.(സാധാ) നം.**2088/2020**/തസ്വഭവ തീയതി, **05/11/2020.**
4. ശ്രീമതി രമ്യ ജി ദാസ് സമർപ്പിച്ച **04.08.2022**-ലെ അപേക്ഷ.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **27/05/2025, 16.01.2026** എന്നീ തീയതിയിലെ **LSGD/PD/8768/2024-VIGD6** നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലർക്ക് ആയിരുന്ന ശ്രീമതി രമ്യാ ജി. ദാസിനെ ടി പഞ്ചായത്തിൽ **2011-12** വർഷത്തെ ഐ.എ.വൈ പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുതുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ നടന്നിട്ടുള്ളതായുള്ള വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ടിയാളെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. തുടർന്ന്, പരാമർശം (2) പ്രകാരം **21/02/2015**-ൽ ടിയാളെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് ഉത്തരവായിട്ടുള്ളതും ടിയാൾ **22/02/2015 AN**-ന് സർവ്വീസിൽ പുനപ്രവേശിച്ചിട്ടുള്ളതുമാണ്.

2. മേൽ സസ്പെൻഷൻ ഉത്തരവ് തീയതി **06/01/2015** ആയിരുന്നുവെങ്കിലും ടി ഉത്തരവ് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും അയച്ച്, ശ്രീമതി. രമ്യ ജി. ദാസ് ഇക്കാലയളവിൽ ജോലി ചെയ്തിരുന്ന പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിൽ ലഭിച്ച തീയതി **16/01/2015** ആണെന്നും ടിയാൾ അന്നേ ദിവസം തന്നെ ടി ഉത്തരവ് കൈപ്പറ്റിയിട്ടുള്ളതും, അതേ ദിവസം തന്നെ സസ്പെൻഷൻ പ്രാബല്യത്തിൽ

വരുത്തിയിട്ടുള്ളതുമാണെന്നും, ആയതിനാൽ 16/01/2015 തീയതി മുതൽ 22.02.2015 വരെയുള്ള സസ്പെൻഷൻ കാലയളവ് ക്രമവൽക്കരിച്ചു നൽകണമെന്ന് അഭ്യർത്ഥിച്ച് ശ്രീമതി.രമ്യ.ജി.ദാസ് പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

3. ശ്രീമതി. രമ്യ ജി. ദാസ് -ന്റെ സസ്പെൻഷനുമായി ബന്ധപ്പെട്ട് ടിയാൾക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി പരാമർശം (3) പ്രകാരം സെൻഷ്വർ നൽകി തീർപ്പാക്കിയിട്ടുള്ളതാണ്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം മുൻകാലപ്രാബല്യം നൽകിയിട്ടില്ലായെങ്കിൽ **Manual of Disciplinary Proceedings** ലെ ഖണ്ഡിക 16(24) ൽ വ്യക്തമാക്കും പ്രകാരം സസ്പെൻഷന് ഉത്തരവ് തീയതി മുതൽക്കാണ് പ്രാബല്യം. അതായത് സസ്പെൻഷൻ ഉത്തരവ് ഉദ്യോഗസ്ഥൻ കൈപ്പറ്റിയ തീയതിയിലല്ല മറിച്ച് സസ്പെൻഷൻ ഉത്തരവ് പ്രസ്തുത ജീവനക്കാരന് ആശയവിനിമയം ചെയ്ത തീയതിയിലാണ് സസ്പെൻഷൻ പ്രാബല്യത്തിൽ വരുന്നത്. ഈ സാഹചര്യത്തിൽ, ശ്രീമതി. രമ്യ ജി. ദാസിനെ 06-01-2015 ൽ സസ്പെന്റ് ചെയ്തിട്ടുള്ളതിനാൽ ടിയാളുടെ സസ്പെൻഷന് 06-01-2015 തീയതി മുതൽ പ്രാബല്യമുണ്ട്. സസ്പെൻഷനുമായി ബന്ധപ്പെട്ട അച്ചടക്ക നടപടി ടിയാൾക്ക് ലഘു ശിക്ഷ നൽകിയാണ് തീർപ്പാക്കിയിട്ടുള്ളത് എന്നതിനാൽ ടിയാളുടെ 06-01-2015 മുതൽ 20-02-2015 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൾ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, 21-02-2015 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള (22-02-2015 AN ന് ജോലിയിൽ പ്രവേശിച്ചതിനാൽ 22-02-2015 വരെയുള്ള കാലയളവ്) **Kerala Service Rules Part 1 Rule-56B(9) Note-2** പ്രകാരം പ്രവേശന കാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ക്രമീകരിച്ച് നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി രമ്യാ ജി. ദാസ്, മുൻ സീനിയർ ക്ലർക്ക്, കുഴിമണ്ണ ഗ്രാമപഞ്ചായത്ത്, മലപ്പുറം. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
5. ധനകാര്യ വകുപ്പ് *(31/03/2026 ലെ e-3410673/ഡെവ-1/32/2026-ധന നമ്പർ*

*കുറിപ്പ് പ്രകാരം).*

6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി *(ഫയൽ നം.ഇപിബി3/124/2025/തസ്വഭവ)*

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 15-05-2026 11:40:53
സെക്ഷൻ ഓഫീസർ